പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 193 — 18.03.2013 -ൽ മറുപടിയ്ക്ക്

**കാവുകളുടെ സംരക്ഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, സി. മോയിൻകുട്ടി<br>,, കെ. എൻ. എ. ഖാദർ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കാവുകൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടുണ്ടോ, വിശദാംശം നൽകുമോ; | (എ) കേരള ഫോറസ്ട്രീ പ്രൊജക്ടിന്റെ കീഴിൽ 2002 ൽ ഡോ.ഇന്ദുചൂഡൻ "An Inventory of Sacred Groves in Kerala" എന്ന പേരിൽ കേരളത്തിലെ കാവുകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്.<br>കാവുകളുടെ സ്ഥാനം, വിസ്തീർണ്ണം, ഉടമസ്ഥത, ആരാധനാമൂർത്തി തുടങ്ങിയവയെ സംബന്ധിച്ച വിവര ശേഖരണം കാവുകളിൽ സംരക്ഷിക്കപ്പെടുന്ന സസ്യജന്തുജാലങ്ങളടങ്ങുന്ന ജൈവവൈവിധ്യത്തെ രേഖപ്പെടുത്തുക എന്നിവ ഈ പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങളായിരുന്നു. കേരളത്തിലെ കാവുകളുടെ സംരക്ഷണം ഉറപ്പാക്കാനായുള്ള നിർദ്ദേശങ്ങളും ഈ പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| ബി) കാവുകൾ നശിപ്പിക്കുന്നത് ജലദൗർലഭ്യത്തിനും ആവാസ വ്യവസ്ഥയുടെ തകർച്ചയ്ക്കും വഴിവെയ്ക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) ഉണ്ടെങ്കിൽ കാവുകൾ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ? | (സി) കേരളത്തിലെ കാവുകളേറെയും സ്വകാര്യ ഭൂമിയിലായതിനാൽ നിലവിൽ നിയമപ്രകാരമുള്ള നടപടികളൊന്നും സ്വീകരിക്കാൻ സാധ്യമല്ല. എന്നാൽ കാവുകളുടെ അങ്ങേയറ്റം പ്രധാന്യമർഹിക്കുന്ന പാരിസ്ഥിക സേവനങ്ങളും ജൈവവൈവിധ്യവും കണക്കിലെടുത്ത് വനം വകുപ്പ് |

നടപ്പിലാക്കിവരുന്ന കാവ് സംരക്ഷണ പദ്ധതിയിൽ കേരളത്തിലെ ഓരോ ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത ചെറുതും വലുതുമായ കാവുകളുടെ ഉടമസ്ഥർക്ക് കാവുകൾ സംരക്ഷിയ്ക്കുന്നതിനും പരിപാലിക്കുന്നതിനുമായ താഴെപറയുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

1. കാവുകളിലെ സസ്യജന്തു വൈവിധ്യം തിട്ടപ്പെടുത്തുക.
2. പരിപാലനത്തിന് ആവശ്യമായ സൂക്ഷമാസൂത്രണ രേഖ തയ്യാറാക്കുക.
3. കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചുപിടിപ്പിക്കുക/സ്വാഭാവിക വളർച്ചയ്ക്കാവശ്യമായ സാഹചര്യം ഒരുക്കുക, കള നിർമ്മാർജ്ജനം ചെയ്യുക, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.
4. സംരക്ഷണത്തിനായി കാവിനുചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കുക.
5. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

സെക്ഷൻ ഓഫീസർ